സംസ്ഥാനത്തെ പച്ചക്കറികൃഷി

74 (4113) ശ്രീ. വർക്കല കഹാർ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഒട്ടാകെയുള്ള കൃഷിസ്ഥലത്തിന്റെ എത്ര ശതമാനമാണ് പച്ചക്കറികൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

2001-2002-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് ഒട്ടാകെയുള്ള കൃഷിസ്ഥലത്തിന്റെ 6.4% ഭാഗത്ത് പച്ചക്കറി കൃഷി ചെയ്യുന്നതായി കണക്കാക്കിയിരിക്കുന്നു. ആകെയുള്ള 2992252 ഹെക്ടർ കൃഷി സ്ഥലത്തിൽ 191499 ഹെക്ടർ സ്ഥലം മരച്ചീനി ഉൾപ്പെടെ പച്ചക്കറി കൃഷി ചെയ്യുന്നതായി കണക്കാക്കിയിരിക്കുന്നു. മരച്ചീനി ഉൾപ്പെടാതെയുള്ള പച്ചക്കറി കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം 8031 ഹെക്ടർ ആണ്.

പച്ചക്കറി വില നിയന്ത്രിക്കുന്നതിന് നൽകിയ ഗ്രാന്റ്

75 (4114) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പച്ചക്കറികളുടെ വില നിലവാരം പിടിച്ചുനിർത്തുന്നതിലേക്കായി ഹോർട്ടികോർപ്പ് എത്ര ലക്ഷം രൂപ ഗ്രാന്റായി നൽകിയിട്ടുണ്ട് ;

(ബി) ഇതിന്റെ കണക്ക് വർഷം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിലനിയന്ത്രിക്കുന്നതിന് സർക്കാർ ഹോർട്ടി കോർപ്പിന് ഗ്രാന്റ് നൽകുന്നില്ല. 2001-ലും 2002-ലും ഓണക്കാലത്ത് പച്ചക്കറികളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിന് ആവശ്യമായ വിപണി ഇടപെടൽ നടത്തുന്നതിനായി കോർപ്പറേഷന്റെ വില്പന വിലയുടെ 10 ശതമാനം കണക്കാക്കി സർക്കാർ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

(ബി) 2002 ഓണക്കാലത്ത് 25 ലക്ഷം രൂപ ഹോർട്ടി കോർപ്പിന് സർക്കാർ സബ്സിഡിയായി നൽകുകയുണ്ടായി. ഇതിൽ തൻവർഷത്തെ സബ്സിഡി 4,83,078 (നാലു ലക്ഷത്തി എൺപത്തിമൂവായിരത്തി എഴുപത്തെട്ട്) രൂപയും 2001 ഓണക്കാലത്ത് കുടിശ്ശികയായ 8,50,252 (എട്ട് ലക്ഷത്തി അൻപതിനായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട് രൂപ) കഴിച്ച് ബാക്കി തുക 2000-മാണ്ട് ഓണക്കാലത്ത് സബ്സിഡി തുകയായും വക കൊള്ളിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡി കുടിശ്ശികയിനത്തിൽ ഹോർട്ടി കോർപ്പിന് നൽകാനുണ്ടായിരുന്ന 60.89 ലക്ഷം രൂപയിൽ 36.08 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly